പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 492 29.01.2019 ലെ മറുപടിക്ക്

**കയർ വ്യവസായ സഹകരണ സംഘങ്ങളിലെ ജീവനക്കാർ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി. ജോയി | ഡോ.ടി.എം.തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) കയർ വ്യവസായ മേഖലയിൽ തൊഴിലെടുക്കുന്നവരുടെ ക്ഷേമത്തിനായി ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; | എ) കയർ വ്യവസായ മേഖലയിൽ തൊഴിലെടുക്കുന്നവരുടെ ക്ഷേമത്തിനായി സ്വീകരിച്ചു വരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.<br>__പ്രൊഡക്ഷൻ & മാർക്കറ്റിംഗ് ഇൻസെന്റീവ് (പി.എം.ഐ)__<br>പി.എം.ഐ പദ്ധതി പ്രകാരം 2018-19 സാമ്പത്തിക വർഷം 4 കോടി രൂപ ബജറ്റിൽ വകയിരുത്തിയിരുന്നു. കൂടാതെ റി-അപ്രോപ്രിയേഷൻ മുഖേന 5 കോടി രൂപയും അനുവദിച്ചിരുന്നു. ആകെ അനുവദിച്ച 9 കോടി രൂപ അർഹമായ സംഘങ്ങൾക്ക് 2018-19 സാമ്പത്തിക വർഷം പി.എം.ഐ പദ്ധതി പ്രകാരമുള്ള തുക അനുവദിക്കുന്നതിനായി വിനിയോഗിച്ചു ടി തുക അസംസ്കൃത സാധനങ്ങൾ വാങ്ങുന്നതിനും കൂലി കൊടുക്കുന്നതിനും വിനിയോഗിക്കാമെന്നതിനാൽ തൊഴിലാളികൾക്ക് തൊഴിലും കൂലിയും ഉറപ്പാക്കുന്നതിന് ഏറ്റവും സഹായകരമാണ്.<br>__മാനേജീരിയൽ സബ്സിഡി & ഗ്രാറ്റുവിറ്റി__<br>സഹകരണ സംഘം ജീവനക്കാർക്കുള്ള മാനേജീരിയൽ സബ്സിഡി ഇനത്തിൽ 2018-2019 സാമ്പത്തിക വർഷം 1,79,47,500/- രൂപ വിവിധ സംഘങ്ങളിലായി വിതരണം ചെയ്തിട്ടുണ്ട്. പ്രാഥമിക കയർ സഹകരണ സംഘങ്ങൾ, മാറ്റ്സ് & മാറ്റിംഗ്സ് സൊസൈറ്റികൾ എന്നിവയിലെ വിവിധ തസ്തികകളിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് റിട്ടയർമെന്റ് ആനുകൂല്യം നൽകുന്നതിനായി ഒറ്റത്തവണ പദ്ധതിപ്രകാരം 01/04/2006 മുതൽ 30/12/2016 കാലയളവിൽ വിരമിച്ച ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി തുകയായി 88,56,344/- രൂപ അനുവദിച്ചുനൽകുകയും, 2010-11 മുതൽ 31/07/2018 വരെയുള്ള കാലയളവിൽ ആലപ്പുഴ പ്രോജക്റ്റിന് കീഴിലെ മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങളിൽ നിന്നും വിരമിച്ച തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി കുടിശ്ശികയിനത്തിൽ 2,22,59,715/-രൂപ അനുവദിക്കുകയുണ്ടായി.<br>__കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ്__<br>2018-19 സാമ്പത്തിക വർഷം കേരള കയർ തൊഴിലാളി ക്ഷേമിധി ബോർഡ് മുഖേന പെൻഷനും |

| | |
|---|---|
| | മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായി ബജറ്റിൽ 84,12,00,000/- രൂപ വകയിരുത്തിയിരുന്നു. ടി തുക മുഴുവനായി കയർ തൊഴിലാളി പെൻഷൻ, വിരമിക്കൽ ആനുകൂല്യം, മാച്ചിംഗ് ഗ്രാൻറ് എന്നീ ആനുകൂല്യങ്ങൾ നൽകുന്നതിനായി വിനിയോഗിച്ചിട്ടുണ്ട്. കൂടാതെ എസ്.ഡി.ജി മുഖേന 10 കോടി രൂപയും അധിക ധനാനുമതി വഴി ലഭിച്ചിട്ടുള്ള 18,17,06,000/- രൂപയും കയർ തൊഴിലാളികൾക്ക്, ക്ഷേമനിധി ബോർഡ് മുഖേന 2018 ഓഗസ്റ്റ് മുതൽ നവംബർ വരെയുള്ള പെൻഷൻ തുക നൽകുന്നതിനായി അനുവദിച്ചു നൽകിയിട്ടുണ്ട്. . 2018-19 സാമ്പത്തിക വർഷം നാളിതുവരെ 112.29 കോടി രൂപ ക്ഷേമ പ്രവർത്തനങ്ങൾക്കായി നൽകിയിട്ടുണ്ട്. കയർ തൊഴിലാളികളുടെ പെൻഷൻ തുക 600/- രൂപയിൽ നിന്നും 1100/- രൂപയായി വർദ്ധിപ്പിച്ചു. പ്രസവ ധനസഹായ തുക 1000/- രൂപയിൽ നിന്നും 15,000/- രൂപയായി വർദ്ധിപ്പിച്ചു 41,400 കയർ തൊഴിലാളികൾക്ക് വിരമിക്കൽ ആനുകൂല്യം നൽകുന്നതിന് 22.25 കോടി രൂപ അനുവദിച്ചു. കൂടാതെ ക്ഷേമനിധി പദ്ധതി പ്രകാരമുള്ള വിവിധ ആനുകല്യങ്ങൾ നൽകി വരികയും ചെയ്യുന്നു. |
| ബി) കയർ വ്യവസായ സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് സേവനത്തിൽ നിന്നും വിരമിച്ചതിനുശേഷം ലഭിക്കുന്ന മിനിമം പെൻഷൻ എത്രയെന്ന് വ്യക്തമാക്കാമോ? | ബി) സഹകരണ സംഘങ്ങളിൽ നിന്നും വിരമിക്കുന്ന ജീവനക്കാർക്ക് സഹകരണ പെൻഷൻ ഫണ്ട് പദ്ധതിപ്രകാരം വിരമിക്കുന്ന സമയത്തെ ശരാശരി ശമ്പളത്തിന്റെയും 33 വർഷത്തിൽ കുറയാത്ത യോഗ്യത നേടിയ സേവന കാലയളവിന്റെയും അടിസ്ഥാനത്തിൽ പെൻഷൻ കണക്കാക്കപ്പെടുന്നു. ഇപ്രകാരം കണക്കാക്കപ്പെടുന്ന പരമാവധി പെൻഷൻ തുക 10,000/- രൂപയായി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ കയർ/ചകിരി ഉല്പാദക സഹകരണ സംഘങ്ങളിലെ ജീവനക്കാർ ഈ പദ്ധതിയിൽ അംഗമല്ലാത്തതിനാൽ, കയർ/ചകിരി ഉല്പാദക സഹകരണ സംഘങ്ങളിലെ വിരമിച്ച ജീവനക്കാർക്ക് നിലവിൽ പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല. എന്നാൽ ഇത്തരത്തിൽ വിരമിച്ച ജീവനക്കാർക്ക് സഹകരണ പെൻഷൻ ഫണ്ട് സ്കീം നിഷ്കർഷിക്കുന്ന പ്രകാരം മിനിമം 3000/- രൂപ പ്രതിമാസ പെൻഷൻ ലഭ്യമാക്കുന്നതിന് പദ്ധതി നടപ്പിലാക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

9